LIBRARY ARCHIVES Kerala Legislative Assembly

എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് റിസൽട്ട് കുറഞ്ഞ സർക്കാർ സ്കൂളുകളെ അഡോപ്റ്റ് ചെയ്യുന്ന സ്കീം

110 [3288] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:

,, കെ. എൻ. എ. ഖാദർ:

,, ഇസഹാക്ക് കുരിക്കൾ:

,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് റിസൽട്ട് കുറഞ്ഞ സർക്കാർ സ്ക്കൂളുകളെ അഡോപ്റ്റ് ചെയ്യുന്ന സ്കീം നടപ്പിലാക്കയിട്ടുണ്ടോ;

(ബി) ഈ സ്കീമിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) എങ്കിൽ 2003-2004 വർഷം എത്ര സ്കൂളുകൾ അഡോപ്റ്റ് ചെയ്തു എന്നും അതുകൊണ്ടുണ്ടായ പ്രത്യേക നേട്ടങ്ങൾ എന്തെല്ലാം ആണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. 2004 മാർച്ചിൽ നടന്ന എസ്. എസ്. എൽ. സി. പരീക്ഷയിൽ 25 ശതമാനത്തിൽ താഴെ മാത്രം വിജയം കൈവരിച്ച 31 ഗവൺമെന്റ് സ്കൂളുകളെയാണ് ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ സ്കൂളുകളിൽ വിജയശതമാനം ഉയർത്തുന്നതിന് രക്ഷാകർത്തൃസമിതിയുടെ സഹായത്തോടെ രാവിലെയും വൈകുന്നേരവുമായി പ്രത്യേക കോച്ചിംഗ് ക്ലാസ്സുകൾ നടത്തുന്നുണ്ട്. അദ്ധ്യാപകരുടെ ഒഴിവുകൾ ഡെയിലി വേജസ് അടിസ്ഥാനത്തിൽ നികത്തുന്നതിനും ഈ സ്കൂളുകളിൽ കൂടുതൽ സന്ദർശനങ്ങളും മോണിറ്ററിംഗും നടത്തുന്നതിനും വിദ്യാഭ്യാസ ഓഫീസർമാർക്കും ഹെഡ്മാസ്റ്റർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ക്യൂ. ഐ.പി. സെൽ മോണിറ്ററിംഗ് നടത്തുന്നുമുണ്ട്.

(സി) 30 ശതമാനത്തിൽ താഴെ വിജയശതമാനം കരസ്ഥമാക്കിയ 168 സ്ക്കൂളുകളെയാണ് 2003-2004 വർഷം അഡോപ്റ്റ് ചെയ്തത്. 25 ശതമാനത്തിൽ താഴെയുള്ള 60 ഗവൺമെന്റ് സ്ക്കൂളുകളുടെ 2003-2004-ലെ റിസൽറ്റ് അനുസരിച്ച് 44 സ്ക്കൂളുകൾ 25 ശതമാനത്തിൽ കൂടുതൽ വിജയശതമാനം കരസ്ഥമാക്കിയിട്ടുണ്ട്. വിജയശതമാനം 80 ശതമാനം വരെ ചില സ്ക്കൂളുകളിൽ ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് നൽകുന്ന ഗ്രേസ് മാർക്ക് ഹയർ സെക്കന്ററി, വി. എച്ച്. എസ്. സി. കോഴ്സുകൾക്കുകൂടി ബാധകമാക്കാൻ നടപടി

111 [3289] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. പരീക്ഷയിൽ കായിക രംഗത്ത് മികവ് തെളിയിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ഗ്രേസ് മാർക്ക് എത്രവീത മാണെന്ന് വിശദമാക്കാമോ;

(ബി) ഗ്രേസ് മാർക്ക് നൽകുന്നതിന് സ്വീകരിച്ചു വരുന്ന മാനദണ്ഡം എന്താണെന്നു വ്യക്താമാക്കുമോ;

(സി) എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുമ്പോൾ കായിക താരങ്ങൾക്ക് ഇന്ന് നൽകി വരുന്ന ഗ്രേസ് മാർക്ക് നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുക;

(ഇ) ഇതു സംബന്ധിച്ചിറക്കിയ ജി. ഒ. (പി)53/04/ജി.ഇ.ഡി. ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(എഫ്) ഹയർ സെക്കന്ററി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ഗ്രേസ് മാർക്ക് നൽകി വരുന്നുണ്ടോ;

(ജി) ഇതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡവും നടപടിക്രമങ്ങളും വിശദ മാക്കുമോ;

(എച്ച്) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കായിക താരങ്ങൾക്ക് അവരുടെ മികവിന് ഗ്രേസ്മാർക്ക് നൽകാറുണ്ടോ എന്ന് വിശദമാക്കാമോ;

(ഐ) കായിക താരങ്ങളുടെ മികവിന് എസ്.എസ്.എൽ.സി. വിദ്യാർത്ഥി കൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ ഹയർ സെക്കന്ററി, വി.എച്ച്.സി. കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക്കൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ;

(ജെ) ഹയർ സെക്കന്ററി കോഴ്സുകളിൽ സ്പോർട്സ് ക്വാട്ടയിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാത്തതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(കെ) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

ഉത്തരം

(എ) കായികരംഗത്ത് മികവ് തെളിയിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ഗ്രേസ്മാർക്ക് ചുവടെ ചേർക്കുന്നു.

സംസ്ഥാന മത്സരങ്ങൾ

1-ാം സ്ഥാനം - 5 മുതൽ 10 ശതമാനം വരെ (വിജയിക്കാൻവേണ്ട മാർക്ക്).

2-ാം സ്ഥാനം - 5 ശതമാനം

3-ാം സ്ഥാനം - 3 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

ദേശീയ മത്സരങ്ങൾ

1-ാം സ്ഥാനം - 15 ശതമാനം

2-ാം സ്ഥാനം - 13 ശതമാനം

3-ാം സ്ഥാനം - 11 ശതമാനം

പങ്കെടുത്തവർക്ക്- 10 ശതമാനം

അന്തർദേശീയ മത്സരങ്ങൾ

അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുകയും വിജയിക്കുകയും ചെയ്യുന്നവർക്ക് 20 ശതമാനം ഗ്രേസ്മാർക്ക് നൽകുന്നു.

(ബി) മത്സരങ്ങളിൽ പങ്കെടുത്ത് അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടുന്നതു മൂലമുള്ള നഷ്ടം പരിഹരിക്കാനാണ് ഗ്രേസ് മാർക്ക് നൽകുന്നത്.

(സി, ഡി ആന്റ് ഇ) എസ്. എസ്. എൽ. സി.-ക്ക് ഗ്രേഡിംഗ് സമ്പ്രദായം നിലവിൽ വരുന്നതോടെ ഗ്രേസ് മാർക്ക് ഇല്ലാതാകുന്നതാണ്. പാർട്ട് II-ൽ പ്രവർത്തി പരിചയം, കലാപഠനം, ആരോഗ്യവും കായിക വിദ്യാഭ്യാസവും എന്നീ വിഷയങ്ങളിൽ കുട്ടികളുടെ കഴിവുകൾ വിലയിരുത്തപ്പെടുന്നുണ്ട്. പ്രസ്തുത വിഷയങ്ങളിൽ പ്രാഗത്ഭ്യം തെളിയിക്കുന്ന കുട്ടികൾക്ക് തുടർ പഠനത്തിന്റെ അഡ്മിഷൻ സമയത്ത് പാർട്ട് II-ന് ഒരു നിശ്ചിത വെയിറ്റേജ് നൽകുന്നതാണ്. ഇതു സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ജി.ഒ.പി. 53/04/ജി.ഇ.ഡി. തിയതി 4-2-04 ഉത്തരവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. (ഉത്തരവ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.)

(എഫ്) ഉണ്ട്.

(ജി) ഇതിനു സ്വീകരിച്ചിട്ടുള്ള മാനദണ്ഡവും നടപടി ക്രമങ്ങളും താഴെ കാണും പ്രകാരമാണ്.

മത്സരങ്ങളിൽ പങ്കെടുത്ത് അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടുന്ന കുട്ടികൾക്ക് അതുമൂലമുണ്ടാകുന്ന പോരായ്മ പരിഹരിക്കുന്നതിനാണ് ഗ്രേസ് മാർക്ക് ആനുകൂല്യം നൽകുന്നത്.

സംസ്ഥാന മത്സരങ്ങൾ

1-ാം സ്ഥാനം	. .	5%
2-ാം സ്ഥാനം	. .	4%
3-ാം സ്ഥാനം	. .	3%

ദേശീയ മത്സരങ്ങൾ

1-ാം സ്ഥാനം	. .	15%
2-ാം സ്ഥാനം	. .	13%
3-ാം സ്ഥാനം	. .	11%
പങ്കെടുത്തവർക്ക്	. .	10%

LIBRARY ARCHIVES Kerala Legislative Assembly

അന്തർദേശീയ മത്സരങ്ങൾ

അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുകയും വിജയിക്കുകയും ചെയ്യുന്നവർക്ക് 20 ശതമാനം ഗ്രേസ് മാർക്ക് നൽകുന്നു.

(എച്ച്) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കായിക താരങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകാറില്ല.

(ഐ) ഹയർ സെക്കന്ററി കോഴ്സുകളിൽ കായിക താരങ്ങൾക്ക് സ്കൂൾ പ്രവേശനത്തിന് സംവരണവും പ്ലസ്ടു പരീക്ഷയിൽ പങ്കെടുക്കുന്നവർക്ക് മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേസ്മാർക്കും ഇപ്പോൾ നൽകി വരുന്നുണ്ട്.

(ജെ ആന്റ് കെ) ഇതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടില്ല.

എസ്. എസ്. എൽ. സി. ഗ്രേഡിംഗിൽ കായിക താരങ്ങൾക്ക് ഗ്രേസ് മാർക്ക് നിലനിർത്താൻ നടപടി

112 [3290] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. ഗ്രേഡിംഗ് രീതി അവലംബിക്കുമ്പോൾ സംസ്ഥാന ദേശീയ—ദേശാന്തര മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്ന ഗ്രേസ് മാർക്ക് തുടർന്നും ലഭിക്കുമെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ സ്കൂൾ കായികരംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ നിലനിർത്തേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് വിവിധ തലങ്ങളിലെ കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ ഉപരിപഠന സാദ്ധ്യത ഉറപ്പു വരുത്തുന്നതിന് നിലവിലുള്ള ഗ്രേസ് മാർക്ക് രീതി ഗ്രേഡിംഗിലും പരിഗണിക്കുന്നതിന് നടപടി സ്വീകരകിക്കുമോ?

ഉത്തരം

(എ ആന്റ് ബി) എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് നിലവിൽ വരുന്നതോടെ, ഗ്രേസ്മാർക്ക് ഇല്ലാതാകുന്നതാണ്. പാർട്ട് II (വൈജ്ഞാനിക മേഖല)-യിൽ പ്രവൃത്തി പരിചയം, കലാപഠനം ആരോഗ്യവും കായിക വിദ്യാഭ്യാസവും എന്നീ വിഷയങ്ങളിൽ കുട്ടികളുടെ നൈപുണ്യം വിലയിരുത്തപ്പെടുന്നുണ്ട്. അതിനാൽ തുടർന്നുള്ള പഠനത്തിന്റെ അഡ്മിഷൻ സമയത്ത് പാർട്ട് II-ന് നിശ്ചിത വെയിറ്റേജ് നൽകുന്നതാണ്.

സർക്കാർ സ്കൂളുകളിൽ പ്ലസ്ടു കോഴ്സ്

113 [3291] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ സ്കൂളുകളിൽ ഇനിയും പ്ലസ്ടു കോഴ്സ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly